"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ജോയിന്റ് ഡയറക്ടർ ശ്രീമതി.ബിൻസി എബ്രഹാം നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.466/2024/AGRI തീയതി,തിരുവനന്തപുരം, 25-05-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം 250/2024/കൃഷി തീയതി 13/03/2024
2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 09/04/2024 ലെ ADFW/12843/2023-SB1 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറായിരിക്കെ അവധിയിൽ പ്രവേശിക്കുകയും അവധിയ്ക്കു ശേഷം 01/03/2024 ന്പൂർവ്വാഹ്നം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുമ്പാകെ റിപ്പോർട്ട് ചെയ്ത കൃഷി ജോയിന്റ് ഡയറക്ടർ ശ്രീമതി.ബിൻസി എബ്രഹാം ന് ഇടുക്കി ആത്മ പ്രൊജക്ട് ഡയറക്ടർ തസ്തികയിൽ പരാമർശം (1) പ്രകാരം നിയമനം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ടിയാൾ 14/03/2024 പൂർവ്വാഹ്നം ഇടുക്കി ആത്മ പ്രൊജക്റ്റ് ഡയറക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായി. ഈ കാലയളവിൽ വകുപ്പിൽ ഒരു കൃഷി ജോയിന്റ് ഡയറക്ടറുടെ ഒഴിവ് നികത്തപ്പെടാതെ നിലവിലുണ്ടായിരുന്നുവെന്നും ടിയാൾ നിയമനത്തിനായി കാത്തിരുന്ന 01/03/2024 മുതൽ 13/03/2024 വരെയുള്ള കാലയളവ് ക്രമീകരിച്ച് ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) കത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി ബിൻസി എബ്രഹാം, കൃഷി ജോയിന്റ് ഡയറക്ടർ, നിയമനത്തിനായി കാത്ത് നിന്ന 01/03/2024 മുതൽ 13/03/2024 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം I ലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി ബിൻസി എബ്രഹാം (കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA1/89/2024-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ